# മിഷൻ ഞായർ 2010

ദൈവത്തിനു സ്തുതി!

ദൈവജനത്തിനു സമാധാനം!

സാർവ്വത്രിക സഭയോടൊപ്പം ഇന്നു നാം മിഷൻ ഞായറാഴ്ചയായി ആചരിക്കുകയാണ്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ നാമോരോരുത്തർക്കുമുള്ള പങ്കിനെക്കുറിച്ച് ചിന്തിക്കേണ്ട അവസരമാണിത്. “ലോകമെങ്ങുംപോയി നിങ്ങൾ സുവിശേഷം പ്രസംഗിക്കുവിൻ” (മാർക്ക് 16. 15) എന്ന യേശുവിന്റെ കല്പനയാണല്ലോ ഓരോ മിഷൻ ഞായറാഴ്ചയും നമ്മുടെ ചിന്താവിഷയം. സഭാ ശുശ്രൂഷകൾക്കായി മുന്നോട്ടുവരുന്നവർക്കു മാത്രമല്ല, സഭയിലെ ഓരോ അംഗത്തിനും യേശു നല്കുന്ന കല്പനയാണിത്. ക്രിസ്തീയവിശ്വാസത്തിൽ സന്തോഷം കണ്ടെത്തുന്നതും ആ സന്തോഷം കണ്ടുമുട്ടുന്ന എല്ലാവരുമായി പങ്കുവയ്ക്കുന്നതുമാണ് പ്രേഷിത പ്രവർത്തനം. ഇതിനു തയ്യാറാകാത്ത ആരും തന്നെ ക്രിസ്തുശിഷ്യരാണെന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. ഇന്നു വൈകുന്നേരം കുടുംബ പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടുമ്പോഴും അടുത്ത ബി.സി.സി. യോഗങ്ങളിലും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ നാം ഓരോരുത്തരും എപ്രകാരം പങ്കുചേരുന്നു എന്നതിനെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തുന്നത് ഉചിതമായിരിക്കും.

സഭയുടെയും സമൂഹത്തിന്റെയും വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുന്നവരാണ് നിങ്ങളിൽ നല്ലൊരു ഭാഗവുമെന്ന് എനിക്കറിയാം. സഭാ പ്രവർത്തനങ്ങൾക്കായി ത്യാഗപൂർവ്വം മുന്നോട്ടുവരുന്ന ധാരാളംപേർ നമ്മുടെ അതിരൂപതയിലുണ്ട്. വർഷംതോറും നിങ്ങൾ നല്കുന്ന ഉദാരമായ സംഭാവനകൾ പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിൽ നിങ്ങൾക്കുള്ള താല്പര്യത്തിന്റെ അടയാളം കൂടിയാണ്.

ഇതൊക്കെയാണെങ്കിലും മിഷണറിമാരുടെ കാലത്തെ അപേക്ഷിച്ച് പ്രേഷിത തീക്ഷ്ണത നമ്മുടെ അതിരൂപതയിൽ ഒന്നിനൊന്നു കുറഞ്ഞുവരുന്നില്ലേ? യേശുവിന്റെ പ്രബോധനങ്ങളുടെ അന്തരാർത്ഥം ഇനിയും മനസ്സിലാക്കാൻ സാധിക്കാത്ത, അവിടുത്തെ സ്നേഹം അനുഭവിക്കാത്ത എത്രയോപേരാണ് നമുക്കു ചുറ്റും ജീവിക്കുന്നത്. നമ്മുടെ വാക്കും പ്രവൃത്തിയും ജീവിത മാതൃകയും ഇവരെയൊക്കെ യേശുവിന്റെ സ്നേഹാനുഭവത്തിലേക്ക് ആകർഷിക്കാൻ പോരുന്നതാണോ? ഭൗതിക സംസ്കാരത്തിന്റെ അതിപ്രസരവും, ആത്മീയമൂല്യങ്ങൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയും, ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും, ചില തീവ്രവാദപ്രസ്ഥാനങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന പീഡനങ്ങളും, മതപരിവർത്തനത്തിനെതിരായ നിയമങ്ങളും സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വളറെയേറെ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. “എല്ലാ മതങ്ങളും ദൈവത്തിങ്കലേയ്ക്കുള്ള മാർഗ്ഗങ്ങളാണ്”, “മതമേതായാലും മനുഷ്യൻ നന്നായാൽ മതി” എന്ന ചില മഹാത്മാക്കളുടെ ചിന്താഗതികളും ഇന്ന് വളരെയധികം ആളുകളെ സ്വാധീനിക്കുന്നുണ്ട്. അതുകാരണം വിശ്വാസം രഹസ്യമായി സൂക്ഷിക്കാനുള്ളതാണെന്നും അതിനു പരസ്യമായ സാക്ഷ്യം വഹിക്കേണ്ട ആവശ്യമില്ലെന്നും കരുതി പ്രേഷിത പ്രവർത്തനങ്ങളിൽ നിന്നും അകന്നു നിൽക്കുന്നവരും ധാരാളമുണ്ട്. ഇതെല്ലാം “ക്രിസ്തുവാണ്

ഏക രക്ഷകൻ", "സഭയാണ് രക്ഷയിലേക്കുള്ള സുരക്ഷിതവും സുഗമവുമായ മാർഗ്ഗം" എന്ന നമ്മുടെ വിശ്വാസപ്രമാണങ്ങളെ അസഹിഷ്ണുതയുടെയും തീവ്രവാദത്തിന്റെയും പ്രതിഫലനങ്ങളായി കാണാൻ പലരെയും പ്രേരിപ്പിക്കുന്നു. അതേസമയംതന്നെ ക്രിസ്തീയ വിശ്വാസം ദൈവത്തിൽ നിന്നും ലഭിച്ച ഒരു മഹാദാനമാണെന്ന അവബോധവും അനുഭവവും കൂടാതെ, ക്രിസ്തു ഏക രക്ഷകനാണെന്നും സഭ രക്ഷയിലേക്കുള്ള സുഗമവും സുരക്ഷിതവുമായ മാർഗ്ഗമാണെന്നും അംഗീകരിക്കാതെ, വിശ്വാസം എല്ലാവരുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധത കൂടാതെ ക്രിസ്തു ശിഷ്യരായിരിക്കുവാനും നമുക്കു സാദ്ധ്യമല്ല. ഈ പശ്ചാത്തലത്തിൽ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ച് അടിസ്ഥാനപരമായി നാം മനസ്സിലാക്കേണ്ട ചിലകാര്യങ്ങളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു:

- ദൈവം മനുഷ്യനു നല്കിയ വലിയ ദാനങ്ങളിലൊന്നാണ് അവന്റെ സ്വാതന്ത്ര്യം. ദൈവത്തെപ്പോലും സ്വീകരിക്കാനോ തിരസ്ക്കരിക്കാനോ വേണ്ട സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ദൈവത്തെ സ്വീകരിച്ചാൽ അവൻ രക്ഷപ്പെടും. തിരസ്ക്കരിച്ചാൽ അവൻ നാശമടയും. രക്ഷയാണോ നാശമാണോ തനിക്കുവേണ്ടതെന്ന് നിശ്ചയിക്കുന്നത് മനുഷ്യൻ തന്നെയാണ്.

- ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യരെല്ലാം സത്യാന്വേഷികളാണ്. ജീവിതകാലം മുഴുവനും സത്യത്തെ അന്വേഷിക്കുവാനും അതു പരിപോഷിപ്പിക്കുവാനും കണ്ടെത്തുന്ന സത്യങ്ങൾ മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് സത്യത്തിനു സാക്ഷ്യം വഹിക്കുവാനും എല്ലാവർക്കും കടമയുണ്ട്. സത്യം തന്നെയായ ദൈവത്തിന്റെ വെളിപാടുകൾ മനുഷ്യരുടെ മുമ്പിൽ അവതരിപ്പിക്കുന്നവയാണല്ലോ മതങ്ങൾ. "വഴിയും സത്യവും ജീവനുമായ'' യേശുവിലൂടെ നമുക്കു ലഭിച്ച വെളിപാടുകളിൽ പൂർണ്ണത നാം അവകാശപ്പെടുന്നു. എങ്കിലും വ്യക്തിപരമായി, ഒരു മതത്തിൽ ജനിച്ചുപോയതുകൊണ്ട് സത്യം മുഴുവനും സ്വാംശീകരിച്ചുവെന്ന് ആരും അഹങ്കരിക്കരുത്. ജീവിതാവസാനം വരെ നാം സത്യാന്വിഷികളായിരിക്കും. ഓരോരുത്തരും അവരവരുടെ മതങ്ങളിലൂടെ ദൈവം വെളിപ്പെടുത്തിയ സത്യങ്ങൾ ആദ്യം ഗ്രഹിക്കുകയും അവയ്ക്കനുസൃതമായി ജീവിച്ചുകൊണ്ട് ഈ സത്യങ്ങൾക്കു സാക്ഷ്യം വഹിക്കുകയും ചെയ്യണം. അതേസമയം മറ്റു മാർഗ്ഗങ്ങളിലൂടെ ദൈവം വെളിപ്പെടുത്തിയ സത്യങ്ങൾ തിരിച്ചറിഞ്ഞ് അവ ഉൾക്കൊള്ളുവാൻവേണ്ട തുറവിയും എല്ലാവർക്കുമുണ്ടാവണം.

- ഓരോരുത്തർക്കും അവരവരുടെ വിശ്വാസം തന്നെയാണ് ഏറ്റവും നല്ല വിശ്വാസം. ഒരാൾ ക്രിസ്ത്യാനിയായിരിക്കുന്നതും വേറൊരാൾ ഹിന്ദുവായിരിക്കുന്നതും ഇനിയുമൊരാൾ മുസൽമാനായിരിക്കുന്നതും അവരവരുടെ മനഃസാക്ഷിക്കനുസരിച്ച് അവരവരുടെ വിശ്വാസം ഏറ്റവും നല്ല വിശ്വാസം എന്നു കരുതുന്നതുകൊണ്ടാണ്. ക്രിസ്തുവിന്റെ മാർഗ്ഗം മറ്റേതു മാർഗ്ഗത്തെക്കാളും പൂർണ്ണവും സുരക്ഷിതവും സുഗമവുമാണെന്നു നമുക്കു ബോദ്ധ്യമുള്ളതുകൊണ്ടാണ് നാം ക്രിസ്ത്യാനികളായിരിക്കുന്നത്. നമ്മുടെ ഈ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ യാതൊരു അപാകതയുമില്ലെന്നു മാത്രമല്ല, അത് നമ്മുടെ കടമകൂടിയാണ്. കാരണം വിശ്വാസം പറയുടെ കീഴിൽ ഒളിച്ചു വയ്ക്കേണ്ടതല്ല, വിളക്ക് പീഠത്തിന്മേൽ തെളിച്ചുവയ്ക്കേണ്ടതാണ് (cfr. ലൂക്ക്. 11, 33) ഇത് സത്യാനേഷികളായ ആരുടെയെങ്കിലും വികാരങ്ങൾ വൃണപ്പെടുത്തുമെന്ന് ഭയപ്പെടുകയും വേണ്ട. നമ്മെപ്പോലെ തന്നെ അവരവരുടെതായ മാർഗ്ഗങ്ങളാണ് ഏറ്റവും നല്ലതെന്ന് സാക്ഷ്യപ്പെടുത്താനുള്ള മറ്റു മതാനുയായികളുടെയും അവകാശത്തെയും സ്വാതന്ത്ര്യത്തെയും ഞാനും നിങ്ങളും മാനിക്കണമെന്നു മാത്രം.

  എത്ര നല്ല ഉദ്ദേശശുദ്ധിയോടെയാണെങ്കിലും ആത്മാർത്ഥതയുള്ള ആരും തന്നെ എല്ലാ മാർഗ്ഗങ്ങളും ഒന്നുതന്നെയാണെന്ന് പറയുകയില്ല. അങ്ങനെ പറയുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നതിനു തുല്യമായിരിക്കും. ഒരേ സമയം തന്നെ പലവഴികളിലൂടെ സഞ്ചരിക്കാനാവില്ലല്ലോ. നീണ്ട വഴികളും

വളഞ്ഞ വഴികളും കുറുക്കുവഴികളുമൊക്കെയുണ്ടാവും. വഴികളെയെല്ലാം ആവുന്നത്ര സംയോജിപ്പിച്ചു കൊണ്ട് യാത്രയുടെ ദൈർഘ്യം കുറയ്ക്കാൻ സാധിക്കും. അതായത് ഓരോ മതത്തിലുമുള്ളവർക്ക് മറ്റു മതങ്ങളിലേയും നല്ല കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സത്യം ഒന്നുകൂടി വ്യക്തമാക്കുവാൻ കഴിയും. ഈ സമീപനം ക്രിസ്തുവിലൂടെ നമുക്കു ലഭിച്ചുവെന്നു നാം കരുതുന്ന സത്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് എല്ലാവരെയും അടുപ്പിക്കുമെന്ന് നാം വിശ്വസിക്കുന്നു.

- ക്രിസ്തുവും അവിടുത്തെ പ്രബോധനങ്ങളും ക്രിസ്ത്യാനികളുടെ മാത്രം കുത്തകയാണെന്ന ഒരു ധാരണയാണ് ഇന്ന് പരക്കെയുള്ളത്. ഈ ധാരണ തെറ്റാണ്. കാരണം ക്രിസ്തു എല്ലാവരുടെയും സ്വന്തമാണ്. ക്രിസ്തുവിലൂടെ ലോകത്തിനു ലഭിച്ച നന്മകളൊക്കെ എല്ലാമനുഷ്യരുടെയും അവകാശമാണെന്ന ധാരണ ഉളവാക്കുവാൻ നമുക്കാവണം. യഹൂദനെന്നോ വിജാതിയനെന്നോ, ചുങ്കക്കാരനെന്നോ പാപിയെന്നോ, സമരിയാക്കാരനെന്നോ ഗ്രീക്കുക്കാരനെന്നോ യാതൊരുവിധ വിവേചനവും കൂടാതെ എല്ലാവരെയും ഉൾക്കൊള്ളുകയും എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് കടന്നുപോവുകയും ചെയ്ത യേശുവിന്റെ മനോഭാവം നമുക്കുമുണ്ടാവണം. സഭയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സഭാംഗങ്ങളുടെ ഇടയിൽ മാത്രം ഒതുക്കി നിറുത്തുന്ന സങ്കുചിത മനോഭാവവും വെടിഞ്ഞ് അവഗണനയനുഭവിക്കുന്ന എല്ലാവരിലേയ്ക്കും വ്യാപിപ്പിക്കുവാനുള്ള വിശാലമനോഭാവവും നമുക്കുണ്ടാവണം. അതേസമയം തന്നെ ഇതിന്റെ പിന്നിൽ ദുരുദ്ദേശങ്ങളൊന്നുമുണ്ടായിരിക്കരുത്. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാൻ വേണ്ടിത്തന്നെയാണ് നാം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. എന്നാൽ ഓരോരുത്തരുടെയും മാനസാന്തരം അവരവരുടെ മനഃസാക്ഷിയനുസരിച്ചുള്ള സ്വതന്ത്രമായ തീരുമാനത്തിലൂടെയായിരിക്കണം. ഏതെങ്കിലും വിധത്തിൽ മറ്റുള്ളവരുടെ മേൽ സമ്മർദ്ദം ചെലുത്തുക, ആൾബലം കൂട്ടുക, സഭയുടെ സ്വാധീനശക്തി വർദ്ധിപ്പിക്കുക തുടങ്ങിയ നിഗൂഢ ഉദ്ദേശങ്ങളാണ് നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ളതെങ്കിൽ അത് വളരെയേറെ തെറ്റിദ്ധാരണകൾ ജനിപ്പിക്കുകയും ഗുണത്തേക്കാളേറെ ദോഷത്തിനു കാരണമാവുകയും ചെയ്യുമെന്ന വസ്തുത നാം വിസ്മരിക്കരുത്.

- നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഉറച്ച നിലപാടു നാം സ്വീകരിക്കണം. എന്നാൽ മുൻവിധിയോടെ മറ്റു മതങ്ങളിലെയും സഭാ വിഭാഗങ്ങളിലെയും സാംസ്കാരിക മൂല്യങ്ങളെയും മാർഗ്ഗനിർദ്ദേശങ്ങളെയും ആരാധനാ ക്രമങ്ങളെയും അന്ധവിശ്വാസങ്ങളായി അടച്ചാക്ഷേപിക്കുകയും അപലപിക്കുകയും ചെയ്യുന്ന പ്രവണത ക്രിസ്തീയ വിശ്വാസത്തിന് ഒരിക്കലും നിരക്കുന്നതല്ല. യേശുവിനെ അനുകരിച്ച് സത്യത്തിനും നീതിക്കും വിരുദ്ധമല്ലാത്ത എല്ലാറ്റിനെയും, ഉൾക്കൊള്ളുവാനും മറ്റുള്ളവരുടെ വിശ്വാസ പ്രമാണങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സമഭാവനയോടെ വീക്ഷിക്കുവാനും മാനിക്കുവാനും നമുക്കു കഴിയണം.

- ക്രിസ്ത്യാനികളായതു കൊണ്ടു മാത്രം നാം മറ്റുള്ളവരെക്കാളും മേന്മയുള്ളവരായി ഭാവിക്കരുത്. ധാർമ്മിക മൂല്യങ്ങളനുസരിച്ച് നമ്മളെക്കാളും നല്ല ജീവിതം നയിക്കുന്നതുകാരണം പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി ക്രിസ്തുവലൂടെ രക്ഷപ്രാപിച്ച, നമ്മെക്കാളും ഉത്തമരായ ക്രിസ്തശിഷ്യന്മാർ നമുക്കു ചുറ്റും ധാരാളമുണ്ടെന്ന കാര്യം നാം ഓർത്തിരിക്കണം. ഇവർക്കൊക്കെ അവകാശപ്പെട്ട വചനവും കൂദാശകളുമാകുന്ന അമൂല്യനിധി അവരും സ്വന്തമാക്കുവാനായി നമ്മുടെ ജീവിത മാതൃകകളിലൂടെ വഴിതെളിക്കുന്നതാണ് യഥാർത്ഥ പ്രേഷിത പ്രവർത്തനം.

ദൈവത്തെ കാണുവാനും അനുഭവിക്കുവാനുമുള്ള മനുഷ്യഹൃദയത്തിന്റെ ദാഹം ക്രിസ്തുവനായുള്ള ദാഹമാണ്. കാരണം ക്രിസ്തു ദൈവമാണെന്ന് നാം വിശ്വസിക്കുന്നു. ഗ്രീസിൽ നിന്നും ജറുസലേമിൽ

തീർത്ഥാടനത്തിനായി വന്ന ഒരു കൂട്ടം വിജാതിയരുടെ കാര്യം മാർപ്പാപ്പ ഇക്കൊല്ലത്തെ തന്റെ മിഷൻ ഞായറാഴ്ച സന്ദേശത്തിൽ പരാമർശിക്കുന്നുണ്ട്. ഈ വിജാതിയർ അപ്പോസ്തലനായ പീലിപ്പോസിനോട് നടത്തുന്ന അഭ്യർത്ഥന ഇതാണ്: "ഞങ്ങൾ അവനെ കാണാൻ ആഗ്രഹിക്കുന്നു" (യോഹ. 12, 21). അന്ന് അവർക്ക് യേശുവിനെ കാണിച്ചുകൊടുക്കുവാൻ പീലിപ്പോസിന് പ്രയാസമുണ്ടായില്ല. കാരണം ദൈവമായ യേശു മനുഷ്യരൂപത്തിൽ കൂടെയുണ്ടായിരുന്നു. ഇന്നും ധാരാളം അക്രൈസ്തവർ നമ്മുടെ ദേവാലയങ്ങളിലേയ്ക്കും തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും പ്രവർത്തന രംഗങ്ങളിലേയ്ക്കും കടന്നുവരാറുണ്ട്. ദൈവാനുഭവത്തിനായി ദാഹിക്കുന്ന ധാരാളം പേർ നമുക്കു ചുറ്റുമുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ അവരെല്ലാം നമ്മോടു പറയുന്നതിതാണ്: "ഞങ്ങൾ അവനെകാണാൻ ആഗ്രഹിക്കുന്നു." യേശുവിനെ ഇവർക്ക് കാണിച്ചുകൊടുക്കേണ്ടത് അവിടുത്തെ സ്വന്തമാക്കിയെന്നവകാശപ്പെടുന്ന നാമോരോരുത്തരുടേയും കടമയാണ്. എന്നാൽ പീലിപ്പോസിന് അന്ന് സാധിച്ചതുപോലെ ഇന്നു നമുക്കു സാധിക്കുയില്ല. കാരണം യേശു ഇന്ന് മനുഷ്യരൂപത്തിൽ നമ്മുടെ കൂടെയില്ല. ഒരിക്കൽ പീലിപ്പോസും യേശുവിനോടു പറഞ്ഞു: "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരിക. ഞങ്ങൾക്ക് അതുമതി" (യോഹ. 14, 8). ഇതിനു യേശു നൽകിയ മറുപടി ഇതായിരുന്നു: "പീലിപ്പോസേ, എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14, 9). യേശുവിനെക്കാണാനുഗ്രഹിക്കുന്നവരോടെല്ലാം ഇപ്രകാരം പറയാൻ നമുക്കും സാധിക്കണം. ഏറ്റവും വലിയ പ്രേഷിത പ്രവർത്തകനായിരുന്ന പൗലോസ് ദൈവമായ യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്: "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലേ. 2, 20). പ്രസംഗങ്ങളെക്കാളും വാദപ്രതിവാദങ്ങളെക്കാളും വീരവാദങ്ങളെക്കാളും യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിലൂടെ യേശുവുമായി ഒന്നായിക്കൊണ്ട് നാമോരോരുത്തരുടെയും ജീവിത മാതൃകയിലൂടെ യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നതിനേക്കാൾ ഫലപ്രദമായ മറ്റൊരു പ്രേഷിത പ്രവർത്തനമില്ല. അങ്ങനെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയെല്ലാം ഈ ഒരൊറ്റവാക്യത്തിൽ സംഗ്രഹിക്കുവാൻ സാധിക്കുമെന്നു തോന്നുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്" (1. യോഹ. 1, 3).

മിഷൻ ഞായറാഴ്ചയോടനുബന്ധിച്ച് സാർവ്വത്രിക സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കായി നാം സമാഹരിച്ചെടുക്കുന്ന സംഭാവനകളെക്കുറിച്ച് ചില വിവരങ്ങൾ തരുന്ന പതിവുണ്ടല്ലോ. "സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം" (അപ്പ. പ്രവ. 20, 35) എന്നാണ് തിരുവചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ആവശ്യങ്ങളും അവശതകളും ധാരാളമുണ്ടെങ്കിലും ഒന്നും തിരികെ പ്രതീക്ഷിക്കാതെ സുവിശേഷത്തിലെ വിധവയെപ്പോലെ ഉദാരമായി സംഭാവനകൾ നൽകുന്ന മനോഭാവം നമ്മുടെ അതിരൂപതയിൽ ഒന്നിനൊന്നു വളർന്നു വരുന്നതു കാണുന്നതിൽ വളരെയേറെ അഭിമാനം തോന്നുന്നു. ഒരു പാത്രം പച്ചവെള്ളത്തിനുപോലും പ്രതിഫലം വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ മുമ്പിൽ ഇതൊന്നും വിസ്മരിക്കപ്പെടുകയില്ല.

കഴിഞ്ഞകൊല്ലം പിരിഞ്ഞു കിട്ടിയ തുക നാല്പ്പത്തിരണ്ടു ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയെട്ടു രൂപയാണ് (42,30,398/-). മുൻ കൊല്ലത്തെക്കാൾ പതിനൊന്നു ലക്ഷത്തി നാല്പതിനായിരത്തി അറുന്നൂറ്റി പന്ത്രണ്ടു (11,40,612/-) രൂപയുടെ വർദ്ധനവുണ്ട്. എങ്കിലും പതിവുപോലെ ഏറ്റവും കൂടുതൽ സംഭാവനകൾ നൽകുന്ന പുത്തൻതോപ്പു ഇടവക ആളോഹരി ക്രമത്തിൽ ഇത്തവണയും 99 രൂപാ സംഭാവന ചെയ്തപ്പോൾ ആളൊന്നിന് അഞ്ചുരൂപാപോലും സംഭാവന ചെയ്യാത്ത വലിയ ഇടവകകളുമുണ്ട്. സന്മനസ്സിന്റെ അഭാവമായി ഞാൻ ഇതിനെ കാണുന്നില്ല. ഒന്നുകൂടി ശ്രദ്ധിക്കണമെന്ന അഭ്യർത്ഥനയുണ്ട്. മൊത്തത്തിലും ആളോഹരിക്രമത്തിലും ഏറ്റവും കൂടുതൽ സംഭാവന ചെയ്ത പത്തു ഇടവകകളുടെയും മൂന്നു സ്ഥാപനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 1. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ | | |
|---|---|---|
| നം. | ഇടവക | തുക |
| 1. | പുത്തൻതോപ്പ് | 2,56,012.00 |
| 2. | പേട്ട | 2,03,100.00 |
| 3. | വിഴിഞ്ഞം | 1,80,000.00 |
| 4. | വെട്ടുകാട് | 1,71,989.00 |
| 5. | പാളയം | 1,50,035.00 |
| 6. | പുതിയതുറ | 1,45,000.00 |
| 7. | പുല്ലുവിള | 1,31,104.00 |
| 8. | തൂത്തൂർ | 1,19,015.00 |
| 9. | നീരോടി | 1,18,875.00 |
| 10. | കണ്ണാന്തുറ | 1,15,110.00 |

| 2. ആളോഹരി ക്രമത്തിൽ ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ | | |
|---|---|---|
| നം. | ഇടവക | തുക |
| 1. | പുത്തൻതോപ്പ് | 99.00 |
| 2. | മണക്കാട് | 81.26 |
| 3. | വെള്ളയമ്പലം | 80.00 |
| 4. | പേട്ട | 73.77 |
| 5. | വർക്കല | 65.35 |
| 6. | പോങ്ങുംമൂട് | 62.72 |
| 7. | സെന്റ് ആൻഡ്രൂസ് | 57.54 |
| 8. | നന്തൻകോട് | 57.44 |
| 9. | സെന്റ് ജോസഫ്സ്, കഴക്കൂട്ടം | 49.53 |
| 10. | കിള്ളിപ്പാലം | 49.23 |

| 1. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 3 സ്ഥാപനങ്ങൾ | | |
|---|---|---|
| നം. | ഇടവക | തുക |
| 1. | സെന്റ് ഫിലോമിനാസ് എച്ച്.എസ്., പൂന്തുറ | 45,000.00 |
| 2. | സെന്റ് ഹെലീനാസ് എച്ച്.എസ്.എസ്., ലൂർദ്ദുപുരം | 35,000.00 |
| 3. | സെന്റ് റോച്ചസ് എച്. എസ്., തോപ്പ് | 32,000.00 |

മിഷൻ ഞായറാഴ്ചയോടനുബന്ധിച്ചു പിരിഞ്ഞു കിട്ടുന്ന തുക റോമിലെ വിവിധ തിരുസംഘടനകൾക്കും സാർവ്വത്രിക സഭയുടെ ആവശ്യങ്ങൾക്കും നാം സംഭാവനയായി നല്കുന്നതാണ്. അതിരൂപതയുടെ ആവശ്യങ്ങൾക്കായി പണം സമാഹരിക്കുന്ന ഒരു പതിവ് നമുക്കില്ല. നമ്മുടെ തന്നെ മിഷൻ ഇടവകകളുടെ അവസ്ഥ ശോചനീയമാണ്. വേണ്ടത്ര സംവിധാനങ്ങളുടെ അഭാവം അവയുടെ വളർച്ചയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. സാമാന്യം സാമ്പത്തിക ഭദ്രതയുള്ള ഇടവകകൾ പ്രേഷിത പ്രവർത്തനങ്ങളുടെ ഭാഗമായി മിഷൻ ഇടവകകളെ ദത്തെടുക്കാൻ തുടങ്ങിയിട്ടുണ്ട്. കൂടുതൽ കൂടുതൽ ഇടവകകൾ ഇതിനായി മുന്നോട്ടു വരുമെന്നും പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ പെരുനാളുകൾക്കും ദേവാലയനിർമ്മാണത്തിനുമായി വൻ തുകകൾ സമാഹരിക്കുമ്പോൾ അതിരൂപതയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായും സംഭാവനകൾ എല്ലാവരിൽ നിന്നും പിരിച്ചെടുക്കുന്ന പതിവും നമുക്കില്ല. ഇതിനായി ചില പദ്ധതികൾ ആരംഭിക്കണമെന്ന അഭിപ്രായം പല വേദികളിലും പൊന്തി വന്നിട്ടുണ്ട്. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതികരണം അറിഞ്ഞതിനുശേഷം വേണ്ടതു ചെയ്യാമെന്നു പ്രതീക്ഷിക്കുന്നു. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം — † സൂസപാക്യം എം.

18.10.2010 — തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**P.S**. ഈ ഇടയലേഖനം ഒക്ടോബർ മാസം 24-ാം തിയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.